2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സഹകരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി

4(*332) ശ്രീ. എം. ഹംസ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്ക് നൽകിയ വായ്പ തിരിച്ചു നൽകാത്തതിന്റെ പേരിൽ സംസ്ഥാന സഹകരണ ബാങ്ക് നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വിപണി ഇടപെടലിന് പണം ലഭ്യമാകാതെ കൺസ്യൂമർഫെഡ് പോലുള്ള സഹകരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സഹകരണ സ്ഥാപനങ്ങൾക്ക് തുടർന്നും വിപണി ഇടപെടലിനും ലോൺ സംഖ്യകളുടെ തിരിച്ചടവിനും പണം ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്ക് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളായ കയർഫെഡ്, മാർക്കറ്റ് ഫെഡ്, റബ്ബർ മാർക്ക്, കൺസ്യൂമർഫെഡ്, റബ്കോ, ഹാൻറക്സ് എന്നിവയ്ക്ക് നൽകിയ വായ്പകൾ നിഷ്ക്രിയാസ്തിയായി മാറുകയും ആയത് ബാങ്കിന്റെ സഞ്ചിത നഷ്ടം വർദ്ധിക്കുന്നതിന് ഇടയാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്കിന് ഇത് സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയിട്ടില്ല.

(ബി) സഹകരണ സ്ഥാപനങ്ങൾ അടക്കമുള്ളവർക്ക് നൽകിയ വായ്പയിന്മേലുള്ള കുടിശ്ശിക ഈടാക്കുന്നതിനായി ബാങ്ക് ആർബ്രിട്ടേഷൻ/സെക്യൂരിറ്റൈസേഷൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് കൊടുത്തുതീർക്കേണ്ടിയിരുന്ന ബാധ്യത 255.03 കോടി രൂപ ഉൾപ്പെടെ ലഭ്യമാക്കാതിരുന്നത് കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിരുന്നു. കൺസ്യൂമർഫെഡറേഷൻ സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ കുടിശ്ശികയായതും ബാങ്കുകൾ പുതിയ വായ്പ ലഭ്യമാക്കാത്തതിനാലും നീതി, ത്രിവേണി സ്റ്റോറുകളിൽ സ്റ്റോക്കുകൾ എത്തിക്കുന്ന വിതരണക്കാർക്ക് യഥാസമയം തുകകൾ ലഭ്യമാക്കാത്തതും വിതരണക്കാർ വിൽപ്പനയ്ക്കാവശ്യമായ സ്റ്റോക്ക് മതിയായ അളവിൽ യഥാസമയം എത്തിക്കാത്തതും കൺസ്യൂമർഫെഡറേഷന്റെ വിപണി ഇടപെടലിന് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) കൺസ്യൂമർഫെഡറേഷന് വിപണി ഇടപെടലിന്റെ ഭാഗമായി മുൻസർക്കാർ നൽകാൻ ഉണ്ടായിരുന്ന ബാധ്യത ഉൾപ്പെടെ 229.50 കോടിരൂപ (ഇരുന്നൂറ്റി ഇരുപത്തി ഒമ്പത് കോടി അമ്പത് ലക്ഷം രൂപ) ഈ സർക്കാരിന്റെ കാലയളവിൽ നൽകിയിട്ടുണ്ട്. ഇതിന് പുറമേ, ഫെഡറേഷന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി. ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ സംവരണം

5 (*333) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നടക്കുന്ന നിയമനങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ സംവരണം ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ സംവരണം ലഭ്യമായിട്ടില്ലായെന്ന ദേശീയ പട്ടികജാതി കമ്മീഷന്റെ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യമേഖലയിലടക്കം പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ഉറപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly